സാജൻ മാത്യു

**നാൽപതുകൾ പിന്നിട്ടവർ പോലും യൂത്ത് കോൺഗ്രസ് നേതൃത്വത്തിൽ 'യൂത്ത' ന്മാരായി കടിച്ചുതൂങ്ങുമ്പോഴാണ് ഭരണഘടനാ പ്രകാരമുള്ള മുപ്പത്തിയഞ്ച് വയസ് പൂർത്തിയായ ദിവസം പി. ടി തോമസ് സ്ഥാനം രാജിവച്ച് മാതൃകയായത്.**



*പി.ടി. തോമസും പ്രവർത്തകരും മണ്ഡലം പര്യടനത്തിൽ*

# പി. ടി യുടെ സ്ഥാനാർത്ഥിത്വം

## ഭരണത്തുടർച്ച ഉറപ്പാക്കാനുള്ള ഹൈക്കമാൻഡിന്റെ ചടുലനീക്കം

കേരളത്തിൽ ഭരണത്തുടർച്ച ഉറപ്പാക്കാൻ കോൺഗ്രസ് കേന്ദ്രനേതൃത്വം ഇടപെട്ടുനടത്തിയ ചടുലനീക്കങ്ങളാണ് തൃക്കാക്കരയിൽ പി. ടി തോമസിന് സീറ്റ് ലഭിക്കാൻ കാരണമെന്ന് സൂചന. ആദർശരാഷ്ട്രീയവും ഉറച്ച നിലപാടുകളും കൊണ്ട് ജനപ്രീതി നേടിയ പി. ടി തോമസിനെമത്സരിപ്പിക്കുന്നതിലൂടെ പല മണ്ഡലങ്ങളിലും നിഷ്പക്ഷവോട്ടുകൾ വശത്താക്കാൻ കഴിയുമെന്ന ഇന്റലിജൻസ് റിപ്പോർട്ട് അടിസ്ഥാനമാക്കിയായിരുന്നു ഹൈക്കമാൻഡിന്റെ ഇടപെടലെന്നാണ് വിവരം. മലയാളക്കരയിലെ ഹരിതാഭയാർന്ന മൊട്ടക്കുന്നുകളും പച്ചപ്പുകളും കയ്യേറ്റമാഫിയയുടെ നീരാളിപ്പിടിയിലമർന്ന വർത്തമാന കാലത്ത് പി. ടി തോമസ് ഉയർത്തിപ്പിടിച്ച പരിസ്ഥിതി അനുകൂല നിലപാടുകൾ രാഷ്ടീയ ഭേദമെ



*വോട്ടുതേടി പി.ടി.*

ന്യെ മുഴുവൻ പ്രകൃതി സ്നേഹികളുടേയും പൊതുസമൂഹത്തിന്റേയും ആദരം പിടിച്ചുപറ്റിയിരുന്നു. കടുത്ത വേനൽച്ചൂടിൽ വറചട്ടിയിലെന്ന പോലെ നാട് വെന്തുരുകുമ്പോൾ പരിസ്ഥിതി നാശത്തിനെതിരെ പ്രതികരിച്ച് ജനപക്ഷത്തുനിന്ന പി. ടി തോമസിനെരംഗത്തിറക്കുന്നതിലൂടെ

മികച്ച മൈലേജു ലഭിക്കുമെന്നാണ് ഹൈക്കമാൻഡ് വിലയിരുത്തൽ.
ഗ്രന്ഥശാലാ പ്രവർത്തകൻ, സാംസ്കാരിക പ്രവർത്തകൻ, പരിസ്ഥിതി പ്രവർത്തകൻ , പ്രഭാഷകൻ, ജനപ്രതിനിധി തുടങ്ങി വിവിധ മേഖലകളിൽ കഴിവുതെളിയിച്ച പി. ടി തോമസ് ശ്രീനാരായണ ഗുരുവിന്റെ കൃതികൾ ഇന്ത്യൻ ഭാഷകളിലേക്ക് പ്രചരിപ്പിക്കാൻ മുൻകയ്യെടുത്തും കയ്യടി നേടിയിരുന്നു. ഇരുപത്തിയെട്ടു വർഷമായി മാവേലിയുടെ നാട്ടിൽ സ്ഥിരതാമസമാക്കിയ പി. ടി തോമസ് ഗോദയിലിറങ്ങിയതോടെ തൃക്കാക്കരയിൽ മാത്രമല്ല കേരളമൊട്ടാകെ നേട്ടമുണ്ടാക്കാനാവുമെന്നാണ് ഉന്നത കോൺഗ്രസ് കേന്ദ്രങ്ങളുടെ വിലയിരുത്തൽ.

ഏഴാം ക്ലാസിൽ പഠനം നിർത്തി ബീഡിതെറുപ്പിലേർപ്പെട്ട പതിമൂന്നുകാരൻ പിൽക്കാലത്ത് ഇന്ത്യൻ പാർലമെന്റിലെ മികച്ച എം.പിയായി തിളങ്ങിയ ചരിത്രം സിനിമാക്കഥകളെ വെല്ലുന്നതാണ്. പാലയിൽനിന്നും ഇടുക്കി ജില്ലയിലെ കാമാക്ഷി പഞ്ചായത്തിലെ ഉപ്പുതോട് എന്ന് കുഗ്രാമത്തിലേയ്ക്ക് കുടിയേറിയ പാവപ്പെട്ട കർഷക കുടുംബമായിരുന്നു പി. ടി തോമസിന്റേത്. പിതാവും മാതാവും അഞ്ച് സഹോദരങ്ങളുമടങ്ങിയ കുടുംബം ചെറിയ കുടിലിലായിരുന്നു താമസം. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന പിതാവ് സാമ്പത്തികമായി നന്നെ ബുദ്ധിമുട്ടിയെങ്കിലും സ്വാതന്ത്ര്യസമര പെൻഷന് അപേക്ഷിക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല. ആനയുൾപ്പെടെ വന്യമൃഗങ്ങൾ വിഹരിക്കുന്ന കൊടും കാട്ടിലൂടെ പതിനഞ്ച് കിലോമീറ്റർ കാൽനടയായി സഞ്ചരിച്ചായിരുന്നു പഠനം. ഏഴാം തരം ജയിച്ചപ്പോൾ പ്രദേശത്തെ മറ്റ് കുട്ടികളെപ്പോലെ പി. ടി തോമസും പഠനം നിർത്തി തൊഴിൽ ചെയ്യാനാരംഭിച്ചു. ഗ്രാമത്തിലെ മുറുക്കാൻ കടയുടെ തിണ്ണയിലിരുന്ന് ബീഡിതെറുത്ത് പിതാവിനെസഹായിക്കുകയായിരുന്നു ആദ്യം ചെയ്ത ജോലി. പിന്നീട് കിളക്കലും നിലം ഒരുക്കലും മണ്ണ് ചുമടും ഉൾപ്പെടെ ആവശ്യക്കാർ വിളിക്കുമ്പോൾ അവരുടെ പുരയിടങ്ങളിലെത്തി കൂലിപ്പണി ചെയ്തു. രണ്ടും മൂന്നും രൂപയായിരുന്നു അന്ന് കൂലി. പണി കഴിഞ്ഞ് വൈകുന്നേരങ്ങളിൽ ഇടവകപ്പള്ളിയോടു ചേർന്നുള്ള ചെറിയ ലൈബ്രറിയിലെ പുസ്തകങ്ങൾ ഒന്നൊന്നായി വായിച്ചു തീർത്തു. ഇതോടെ പഠനം പുനരാരംഭിക്കണം എന്ന മോഹം മനസിലുണർന്നു. തുടർന്ന് പാറത്തോട് സ്കൂളിൽ ചേർന്ന് പഠനം തുടർന്നു. ദിവസം ഇരുത്തിനാല് കിലോമീറ്റർ കാൽനടയായി സഞ്ചരിച്ചായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. പിൽക്കാലത്ത് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗമായി പ്രവർത്തിക്കാൻ പി. ടി തോമസിന് പ്രേരകമായത് പാറത്തോട് പബ്ളിക് ലൈബ്രറിയിലെ മുനിഞ്ഞുകത്തുന്ന മണ്ണെണ്ണവിളക്കിന്റെ അരണ്ട വെളിച്ചത്തിലിരുന്ന് പുസ്തകങ്ങൾ വായിച്ചു തള്ളിയതിന്റെ ഓർമ്മകളായിരിക്കണം.

എ. കെ ആന്റണിയുടേയും വി. എം സുധീരന്റെയും നിലപാടുകളെ അനുസ്മരിപ്പിക്കും വിധം പി. ടി തോമസിന്റെ ആദർശ രാഷ്ട്രീയം പലപ്പോഴും വാർത്തകളിൽ നിറഞ്ഞിട്ടുണ്ട്. മുപ്പത്തിയഞ്ച് വയസ് പൂർത്തിയായ അന്ന് യൂത്ത് കോൺഗ്രസ് സംസ്ഥാനഭാരവാഹിത്വം രാജിവച്ചത് ഉദാഹരണം. നാൽപ്പതുകൾ പിന്നിട്ടവർ പോലും യൂത്ത് കോൺഗ്രസ് നേതൃത്വത്തിൽ 'യൂത്ത'ന്മാരായി കടിച്ചുതൂങ്ങുമ്പോഴാണ് ഭരണഘടനാ പ്രകാരമുള്ള മുപ്പത്തിയഞ്ച് വയസ് പൂർത്തിയായ ദിവസം പി. ടി തോമസ് സ്ഥാനം രാജിവച്ച് മാതൃകയായത്. ഡി. സി. സി പ്രസിഡണ്ട് സ്ഥാനം ഉപേക്ഷിച്ചത് മറ്റൊരു ഉദാഹരണം. ഇടുക്കി ഡി.സി. സി പ്രസിഡണ്ട് സ്ഥാനം വഹിക്കുമ്പോഴാണ് പി. ടി തോമസ് പാർലമെന്റിലേയ്ക്ക് മത്സരിച്ചത്. എഴുപത്തിനാലായിരത്തിലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചനിമിഷം തന്നെ ഡി. സി. സി പ്രസിഡണ്ട് സ്ഥാനം വൈസ് പ്രസിഡണ്ടായിരുന്ന റോയി കെ. പൗലോസിന് കൈമാറി. (9747253486)



*തെരഞ്ഞെടുപ്പ് കൺവൻഷനിൽ ബെന്നി ബഹനാനുമൊത്ത് പി.ടി*

**സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗമായി പ്രവർത്തിക്കാൻ പി. ടി തോമസിന് പ്രേരകമായത് പാറത്തോട് പബ്ളിക് ലൈബ്രറിയിലെ മുനിഞ്ഞുകത്തുന്ന മണ്ണെണ്ണവിളക്കിന്റെ അരണ്ട വെളിച്ചത്തിലിരുന്ന് പുസ്തകങ്ങൾ വായിച്ചു തള്ളിയതിന്റെ ഓർകളായിരിക്കണം.**